# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.642**      **27/04/2017-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി പദ്ധതി വിഹിതം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. ഉമ്മർ :** | | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ജനസംഖ്യാനുപാതത്തെക്കാൾ ഉയർന്ന പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്.<br><br>2017-18 സാമ്പത്തിക വർഷം കേരളത്തിന്റെ ജനസംഖ്യയുടെ 1.45 ശതമാനം വരുന്ന പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി 751 കോടി രൂപ (2.83%) വകയിരുത്തിയിട്ടുണ്ട്. ഇത് ജനസംഖ്യാനുപാതപ്രകാരം ലഭിക്കേണ്ടതിനേക്കാൾ 366 കോടി അധികമാണ്.<br><br>പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന പദ്ധതി വിഹിതമായി 1427.60 കോടി രൂപയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി വിഹിതമായി 1172.05 കോടി രൂപയുമുൾപ്പെടെ 2599.65 കോടി രൂപ നടപ്പ് വർഷം വകയിരുത്തിയിട്ടുണ്ട്. ആയത് സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81% തുകയാണ്. പട്ടികജാതി ജനസംഖ്യ 9.1% ആകുന്നു. ജനസംഖ്യാനുപാതത്തേക്കാൾ കൂടുതലായി പട്ടികജാതിക്കാർക്ക് 188 കോടി രൂപ ഈ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന പദ്ധതി നടപ്പാക്കുന്നതിന് 541.98 കോടി രൂപയും ഗ്രാമ വികസന വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് 32.94 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് 176 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ച തുകയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. പുതിയ പദ്ധതികൾക്കായുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികജാതി വികസന വകുപ്പിൽ തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പട്ടികജാതി വികസനത്തിനു വേണ്ടിയുള്ള പദ്ധതികൾക്കായി 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാലങ്ങളായി പ്രസ്തുത വിഭാഗത്തിനുള്ള ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രതികൂല കാലാവസ്ഥ, നിർമ്മാണ സാധനങ്ങളുടെ ലഭ്യതയില്ലുള്ള കാലതാമസം അവ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയ കാരണങ്ങൾ കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നു. |
| (ഡി) | ഉണ്ടെങ്കിൽ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തന്നെ ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ടവർക്ക് തന്നെ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ കോളനിയിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു. രണ്ടു വകുപ്പുകളും മുഖേനയുള്ള ധനസഹായപദ്ധതികൾ എല്ലാം ബാങ്ക് അക്കൗണ്ടു മുഖേനയും മിക്കതും ഓൺലൈൻ സംവിധാനത്തിലൂടെയുമാണ് വിതരണം ചെയ്യുന്നത്. ജില്ലാവികസനസമിതി, ഉപദേശക സമിതികൾ എന്നിവ മുഖേനയും ബഹു. മന്ത്രിതലത്തിലും ശക്തമായ മോണിറ്ററിംഗ് നടത്തുന്നുണ്ട്. ഡയറക്ടറേറ്റുകളിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ

<u>Annexure</u>

| Sl No | Name of Scheme | Head of account | Budget Estimates 2017-2018 (Rs in Lakhs) |
|---|---|---|---|
| 1 | Land to Landless Families for Construction of Houses | [XXV] 2225-01-283-87 | 18000.00 |
| 2 | House to Houseless, Completion of Partially Constructed Houses, Improvement of Dilapidated Households | [XXV] 2225-01-283-89 | 50000.00 |
| 3 | Development Programme for the Vulnerable Communities among SC | [XXV] 2225-01-102-99 | 1700.00 |
| 4 | Pooled Fund for special Projects proposed by other Departments under SCP | [XXV] 2225-01-800-26 | 100.00 |
| 5 | Modernization and e-governance Initiatives in Development Department | [XXV] 2225-01-001-94 | 500.00 |
| 6 | Corpus Fund for SCP (Critical Gap Filling Scheme) | [XXV] 2225-01-800-57 | 7888.00 |
| 7 | Contribution to Kerala State Federation of SCs/STs Development Co-operative Limited | [XXV] 4225-80-195-99 | 150.00 |
| 8 | Financial Assistance for Marriage of SC Girls | [XXV] 2225-01-102-97 | 5500.00 |
| 9 | Management of Model Residential Schools including Ayyankali Memorial Model Residential School for Sports, Vellayani | [XXV] 2225-01-277-58 | 1500.00 |
| 10 | Assistance for Education of SC Students | [XXV] 2225-01-277-57 | 40410.00 |
| 11 | Assistance for Training ,Employment and Human Resource Management | [XXV] 2225-01-102-96 | 4000.00 |
| 12 | Valsalyanidhi (New Scheme) | [XXV] 2225-01-102-91 | 1000.00 |
| 13 | Share Capital Contribution to Kerala State Development Corporation for Scheduled Castes and Scheduled Tribes (51% State Share) | [XXV] 4225-01-190-99 | 2500.00 |
| | | | |

| | | | |
|---|---|---|---|
| 14 | Implementation of Protection of Civil Rights (PCR) Act and Prevention of Atrocities (PoA) Act (50% State Share) | [XXV] 2225-01-800-86 | 575.00 |
| | | [III] 2014-00-103-98 | 200.00 |
| | ***Schemes through Public Works Department*** | | |
| 15 | Construction of Boy's Hostels-Scheduled Castes (50% State Share) | [XXV] 4225-01-277-98 | 436.00 |
| 16 | Works and Buildings | [XXV] 4225-01-800-89 | 1500.00 |
| 17 | Working women's hostel in all districts (New scheme) | [XXV] 4225-01-283-85 | 150.00 |
| | **SCSP Plan schemes-Implementing through CRD** | | |
| 18 | Pradhan Manthri Avas Yojana (PMAY) – SCP (40% SS) (Schemes Implementing through Block Panchayats) | [XXV] 2225-01-197-48(5) | 5951.00 |
| 19 | National Rural Livelihood Mission (NRLM) – SCP (40% SS) (Schemes Implementing through Grama Panchayats) | [XXV] 2225-01-197-48(6) | 700.00 |
| | **Sub Total (I)** | | **142760.00** |
| **II** | **Grant-in-aid to Local Self Government Institutions for SCSP Projects** | | |
| A | Village Panchayat | 58266.15 | |
| B | Block Panchayat | 20159.25 | |
| C | District Panchayat | 20159.25 | |
| D | Municipality | 10810.26 | |
| E | Corporation | 7810.09 | |
| | **Subtotal II** | **117205.00** | |
| | **Total State Plan Schemes (SCSP) (I+II)** | **259965.00** | |